
സ്വാതന്ത്ര്യത്തിന്റെ
ഉന്മീലനങ്ങൾ

സ്വാതന്ത്ര്യത്തിന്റെ മാനിഫെസ്റ്റോ (ഭാഗം I)
Unni R; Benyamin (editors)
(Malayalam: Article)

© 2018, Unni R; Benyamin
These electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Anselm Kiefer artwork, an installation by Anselm Kiefer (b. 1945). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


മാനിഫെസ്റ്റോയ്ക്ക് ഒരു ആമുഖം . . . . . . . . . . 4

അലക്സ് മാത്യു . . . . . . . . . . . . . . . . . . . . . . . 5

അനൂപ് മാത്യു തോമസ് . . . . . . . . . . . . . . . 6

ഭൂതാവിഷ്ടരായ നമ്മൾ . . . . . . . . . . . . . . . . 7

ഇ. പി. ഉണ്ണി . . . . . . . . . . . . . . . . . . . . . . . . 8

മൂന്നാം നിയമം ലംഘിക്കൽ . . . . . . . . . . . 9

# മാനിഫെസ്റ്റോയ്ക്ക് ഒരു ആമുഖം

—ഉണ്ണി ആർ; ബെന്യാമിൻ



‘ഹൗളി’ന്റെ വിചാരണവേള 1957.

“പോലീസുകാർ ഇവിടെ നവോത്ഥാനം അനുവദിക്കില്ല” എന്ന തലക്കെട്ടോടെയാണ് ഒരു അമേരിക്കൻ പത്രം അലൻ ഗിൻസ് ബർഗിന്റെ “ഹൗളി”ന്റെ പ്രസാധകനായ ലോറൻസ് ഫെർലിംഗെറ്റിയുടെ അറസ്റ്റ് വാർത്ത കൊടുത്തത്. നീണ്ടവിചാരണയ്ക്കു ശേഷം ഒടുവിൽ “ഹൗളി”ൽ അശ്ലീലമില്ലെന്ന് കോടതി വിധിച്ചു. അവിടെ മലദ്വാരത്തിനും ഹൃദയത്തിനും ഒരേ സ്ഥാനമായിരുന്നു.

> ഉണർന്നിരിക്കുക, തന്നുള്ള-
> മെപ്പോഴും കാത്തുകൊള്ളുക
> ചേറിൽ നിന്നാനപോൽ തന്നെ
> തെറ്റിൽ നിന്നുദ്ധരിക്കുക. ധർമ്മപദം[1]

---

1. അദ്ധ്യായം 9, ജാഗരൂകത, പരിഭാഷ-മാധവൻ അയ്യപ്പത്ത്.

നിർവ്വചിക്കും തോറും സങ്കീർണ്ണമാകുന്ന യുക്തിയാണോ സ്വാതന്ത്ര്യം? മനുഷ്യനിൽ മാത്രം അധിഷ്ഠിതമാണോ സ്വാതന്ത്ര്യമെന്ന അനുഭവം? സ്വാതന്ത്ര്യമെന്നാൽ അനുഭവമാണോ, അതോ ഒരവസ്ഥയോ? എന്ത് സ്വാതന്ത്ര്യമാണ് നമ്മൾ ശ്വസിക്കുന്നത്? അതല്ല, നമ്മൾ മറ്റൊരാളാലും നിയന്ത്രിക്കപ്പെടാത്ത പൂർണ്ണ സ്വതന്ത്രരായ വ്യക്തികളാണോ? എന്റെ സ്വാതന്ത്ര്യവും നിങ്ങളുടെ സ്വാതന്ത്ര്യവുമെന്നത് വ്യത്യാസപ്പെടുന്നത് എങ്ങനെയാണ്? എന്റെയും നിങ്ങളുടെയും നിറങ്ങൾ വേർതിരിക്കപ്പെട്ടന്നിടത്ത് ആരുടെ സ്വതന്ത്ര്യമാണ് നഷ്ടമാകുന്നത്? ഒരാളുടെ എന്തും തെരഞ്ഞെടുക്കുവാനുള്ള പൂർണ്ണ അധികാരമാണോ സ്വാതന്ത്ര്യം? പ്രകൃതിയുടെ ഉച്ചാരണങ്ങളെ കേൾക്കാതിരിക്കലാണോ സ്വാതന്ത്ര്യം? ആ അറിവില്ലായ്മയിൽ ആണോ നമ്മുടെ യുക്തി സ്വതന്ത്രമായി ഇരിക്കുന്നത്? ഞാൻ എന്നെ അന്വേഷിക്കുന്നതിലാണോ പരമമായ സ്വാതന്ത്ര്യം അടങ്ങിയിരിക്കുന്നത്? രാഷ്ട്രീയ ജീവിയായിരിക്കുക എന്ന ബോധത്തിന്റെ കൃത്യതയാണോ സ്വാതന്ത്ര്യത്തിന്റെ വിശാലത? ഒരാൾ മറ്റൊരാൾക്ക് നൽകുന്ന ദയയാണോ, അതോ ദാനമായി സ്വീകരിക്കേണ്ടതാണോ? പോരാട്ടത്തിലൂടെ നേടേണ്ടതാണോ സ്വാതന്ത്ര്യം?

നാം ജീവിക്കുന്നത് സ്വാതന്ത്ര്യത്തിലേക്കാണോ, അതോ ജാതി-മതങ്ങളിലേക്കോ? പട്ടാളക്കാരനും സാധാരണ പൗരർക്കുമിടയിൽ, പോലീസുകാരനും കാൽനടക്കാർക്കുമിടയിൽ, മുതിർന്നവർക്കും കുട്ടികൾക്കുമിടയിൽ അകലം സൃഷ്ടിക്കുന്ന ഭീതിയിലാണോ സ്വാതന്ത്ര്യം പുലരുക? ദേശത്തോട്, പതാകയോട്, ഗാനത്തോട്, ദൈവങ്ങളോട്, പുരോഹിതരോട് ഭയം നിറഞ്ഞ ബഹുമാനം സൂക്ഷിക്കുമ്പോഴാണോ സ്വാതന്ത്ര്യം അർത്ഥപൂർണ്ണമാവുക? സാങ്കേതിക വികാസത്തിലൂടെ നമ്മൾ സ്വതന്ത്ര വിനിമയ ശരീരങ്ങളായി എന്ന തോന്നലിലാണോ പ്രച്ഛന്നമായ സ്വാതന്ത്ര്യത്തിന്റെ കേളി? അപരത്വങ്ങൾ നിർമ്മിച്ചുകൊണ്ടാണോ നമ്മൾ സ്വതന്ത്രരാവുന്നത്? സ്വാതന്ത്ര്യത്തിന്റെ മാനിഫെസ്റ്റോ എന്നാൽ എന്താണ്?

വിയോജിച്ചുകൊണ്ടുള്ള സംഭാഷണങ്ങളും പ്രവർത്തികളുമാണോ അതോ അവരവരുടെ ഇടങ്ങളൊരുക്കുകയും മറ്റുള്ളവർക്കായി അതു തുറന്നുകൊടുക്കുകയും ചെയ്യലാണോ, അതോ ഞാൻ നീ എന്ന ഭേദമില്ലാതെ രണ്ടുവ്യക്തിത്വങ്ങളായി നിന്നുകൊണ്ടു തന്നെ പരസ്പരം ബഹുമാനിക്കലാണോ? സ്വാതന്ത്ര്യം നഷ്ടപ്പെടുന്നു എന്നു തിരിച്ചറിയുന്നത് കുറ്റകൃത്യമാണോ? അങ്ങനെയെങ്കിൽ, എഴുത്തുകാരും ചിത്രകാരന്മാരും ബുദ്ധിജീവികളും ചരിത്രകാരന്മാരും വിവേകികളായ മറ്റു മനുഷ്യരും കുറ്റവാളികളാണോ?

## അലക്സ് മാത്യു




സെൽഫ് പോർട്രെയ്റ്റ്,

ചാർക്കോൾ, പേപ്പർ, 2018.

# അന്യൂപ് മാത്യു തോമസ്



മഡോണ (2016), എ സീൻ ഫ്രം എ വെയ്ക് എന്ന സീരീസിൽ നിന്ന്.

പള്ളോട്ടൈൻസ് എന്ന പേരിൽ കൂടുതൽ നന്നായി അറിയപ്പെടുന്ന സൊസൈറ്റി ഓഫ് കാത്തലിക് അപ്പോസ്തൊലേറ്റിലെ ഫാ. ടോണി കോൽബ് തിരുവനന്തപുരത്തെ പൊള്ളോട്ടിഗിരിയിൽ പുതുതായി തുടങ്ങുന്ന ചാപ്പലിലേയ്ക്കുള്ള മഡോണയുടെ ഒരു ശില്പമുണ്ടാക്കാനായി 1970-ൽ ജ്യോതി സാഹിയെ നിയോഗിച്ചിരുന്നു. അടുത്തു തന്നെ ഉള്ള മരിയനാട് എന്ന മത്സ്യബന്ധന ഗ്രാമത്തിൽ താൻ താമസിച്ച ഒരു മാസക്കാലത്തിനുള്ളിൽ ശില്പം തീർക്കാമെന്നായിരുന്നു സാഹി തീരുമാനിച്ചത്. അത് വീട്ടിയിൽ ചെയ്യാമെന്ന് ഫാ. കോൽബുമായി ആലോചിച്ച് നിശ്ചയിച്ചതനുസരിച്ച് യോജിച്ച ഒരു തടി കടൽത്തീരത്തുള്ള ഗ്രാമത്തിൽ കൊണ്ടുവരികയും ചെയ്തു.

ശില്പം പൂർത്തിയാക്കിയ ശേഷം സാഹി അത് പള്ളോട്ടൈൻസിന് കൈമാറി. പക്ഷെ, അവരത് ചാപ്പലിൽ വച്ചില്ല. ചാപ്പലിന്റെ ചുമതലയുള്ള ഫാ. മാൻഫ്രെഡ്ഹോക്ക് സഭക്കാരുമായി കൂടിയാലോചിച്ചശേഷം പറഞ്ഞത് ഇരുണ്ട് ഭംഗിയില്ലാത്ത ആ ശില്പം മേരിയുടേതാണെന്ന് കരുതാനാവില്ല എന്നായിരുന്നു.

എന്നാൽ, മരിയനാട്ടെ മത്സ്യബന്ധനത്തിലേർപ്പെട്ടവരെ മാതൃകയാക്കി ഉണ്ടാക്കിയ ശില്പം തിരസ്കരിക്കപ്പെട്ടു എന്നത് ഒരു ബദൽ സൗന്ദര്യശാസ്ത്രത്തിന് വേണ്ടിയുള്ള സാഹിയുടെ അന്വേഷണത്തെ കൂടുതൽ ദൃഢമാക്കുകയാണ് ചെയ്തത്. 'ലളിതകല'യും അധഃസ്ഥിത വർഗ്ഗത്തിന്റെ 'ദളിത് കല'യും തമ്മിലുള്ള വ്യത്യാസം തുടർന്നും അന്വേഷിക്കുകയാണ് അദ്ദേഹം ചെയ്തത്. അതോടെ, ക്രിസ്തുമതാചാരം അതതു ദേശത്തെ സംസ്കാരവുമായി പൊരുത്തപ്പെടണം എന്ന നിലപാടുമായി കത്തോലിക്കാസഭയ്ക്കകത്തുതന്നെ രൂപംകൊണ്ട "സാംസ്കാരികാനുരൂപണം" എന്ന പ്രസ്ഥാനത്തിനു വേണ്ടി അദ്ദേഹം നടത്തിയ ശ്രമം, പ്രത്യേകിച്ച് ഒരു 'ദളിത്' മഡോണയെപ്പറ്റി അദ്ദേഹത്തിനുണ്ടായിരുന്ന സങ്കല്പം, ഒരു വിവാദവിഷയമാവുകയും ചെയ്തു. സംസ്കാരവും വിശ്വാസസംഹിതകളും തമ്മിലുള്ള ബന്ധത്തെപ്പറ്റി അന്വേഷിക്കുന്ന സാഹിയുടെ, ഒരേ സമയം കലാകാരനും ദൈവശാസ്ത്രജ്ഞനും എന്ന നിലയിലുള്ള, പ്രവർത്തനം സാധാരണക്കാരുടെ ആഗ്രഹങ്ങൾക്കും ആഗോളസഭയുടെ അഭിലാഷങ്ങൾക്കും ഇടയിൽ ഒരസ്വസ്ഥതയായി ഇന്നും നിലനിൽക്കുന്നു. ഇന്ത്യയിലും ആഗോളതലത്തിലും ഉള്ള വേറെയും സഭകളിൽ അദ്ദേഹം ധാരാളം പ്രവർത്തിച്ചിട്ടുണ്ട്. പള്ളോട്ടൈൻസ് തന്നെ വേറെ രണ്ട് പള്ളികളിലെ ജോലി പിന്നീട് അദ്ദേഹത്തെ ഏല്പിച്ചിരുന്നു.

ഫാ. ഹോക്ക് മരണമടഞ്ഞത് 2015-ൽ ആയിരുന്നു. പള്ളോട്ടിഗിരിയിലെ അദ്ദേഹത്തിന്റെ മുറിയിൽനിന്നാണ് ശില്പം കണ്ടുകിട്ടിയത്. പള്ളോട്ടൈൻസിന്റെ ചരിത്രവും ഇന്ത്യയിലെ അവരുടെ പ്രേഷിതപ്രവർത്തനവും വിശദീകരിക്കുന്ന ഒരു മ്യൂസിയം അവിടെ തുറന്നിട്ടുണ്ട്. ഇന്ത്യയിൽ സഭയുടെ പ്രവർത്തനം തുടങ്ങിയ ജർമ്മൻ പുരോഹിതർക്കുള്ള ആദരം കൂടിയാണ് ഈ മ്യൂസിയം. അവർ ഇന്ത്യയിൽ പ്രവർത്തിക്കുമ്പോൾ ശേഖരിച്ച കലാവസ്തുക്കളും മ്യൂസിയത്തിലുണ്ട്. സാഹിയുടെ ശില്പം കൂടി ശേഖരങ്ങളുടെ ഭാഗമാക്കാൻ ആലോചിക്കുകയാണ് ഇപ്പോൾ മ്യൂസിയത്തിന്റെ ചുമതലയുള്ള ഇന്ത്യൻ പുരോഹിതന്മാർ.

# ഭ്രതാവിഷ്ടരായ നമ്മൾ

—സക്കറിയ

2018-ലെ ഇന്ത്യയിലിരുന്ന് തിരിഞ്ഞു നോക്കുമ്പോൾ 1948-ലെ കൽക്കത്ത തീസീസിന്റെ അടിസ്ഥാന നിലപാട് ശരിയായിരുന്നു എന്ന് തോന്നുന്നു. അതായത് 1947 ആഗസ്റ്റ് 15 അർദ്ധരാത്രിയ്ക്ക് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചുവോ? അതോ ഇന്ത്യ വിദേശിയും സ്വദേശിയും ഒന്നുചേർന്ന ഒരു ബൂർഷ്വാ ഭരണ വർഗ്ഗത്തിന്റെ കൈകളിൽ നിന്ന് സ്വദേശി മാത്രമായ ഒരു ബൂർഷ്വാ ഭരണ വർഗ്ഗത്തിന്റെ കൈകളിലേക്ക് കൈമാറ്റം ചെയ്യപ്പെടുകയാണോ ഉണ്ടായത്? അവർ ജനങ്ങൾക്ക് വിഴുങ്ങാൻ എറിഞ്ഞുകൊടുത്ത ഒരു ചൂണ്ടക്കൊളുത്തു മാത്രമായിരുന്നുവോ സ്വാതന്ത്ര്യം?

രണദിവേയ്ക്ക് കാര്യങ്ങളുടെ വാസ്തവം മനസ്സിലായിരുന്നു എന്നാണ് എനിക്കു തോന്നുന്നത്. കാരണം സ്വാതന്ത്ര്യാനന്തര ഇന്ത്യാചരിത്രം നമുക്ക് കാണിച്ചുതരുന്നത്, ഇന്ത്യൻ ബൂർഷ്വാഭരണവർഗ്ഗങ്ങൾ പിടിച്ചെടുത്ത ഇന്ത്യൻ ജനാധിപത്യം പടിപടിയായി തെരഞ്ഞെടുപ്പ് എന്ന മറക്കുടയുടെ ഉപയോഗത്തിന്റെ കാര്യത്തിലൊഴികെ മറ്റെല്ലാത്തിലും ജനവിരുദ്ധവും സ്വാതന്ത്ര്യവിരുദ്ധവും സ്വേച്ഛാധിപത്യപരവുമായി മാറുന്ന പ്രതിഭാസമാണ്. അതിൽ ഒട്ടും അസ്വാഭാവികമല്ലാതെ പ്രത്യക്ഷപ്പെട്ട ഒരു തിരതള്ളലായിരുന്നു ഇന്ദിരാഗാന്ധിയും കോൺഗ്രസ്സും ചേർന്ന് സൃഷ്ടിച്ച അടിയന്തരാവസ്ഥ. ജനാധിപത്യം മാത്രമല്ല മൌലികാവകാശങ്ങളും ഇന്ദിരാഗാന്ധിയുടെ ചവറ്റുകൊട്ടയിൽ ചെന്നു വീണു. രണദിവേ പ്രവചിച്ച ഇന്ത്യൻ ഭരണവർഗ്ഗ ബൂർഷ്വാസിയുടെ ഫ്യൂഡൽ മനഃശാസ്ത്രമാണ് ഇന്ദിരയിലൂടെ പുറത്ത് ചാടിയത്. ജനങ്ങൾ കൈയ്യാളുന്ന സ്വാതന്ത്ര്യം എക്കാലത്തും ഇന്ത്യൻ ബൂർഷ്വാസിയ്ക്ക് ഒരു പേടി സ്വപ്നമാണ്.

അടിയന്തരാവസ്ഥ, ഫലത്തിൽ ഇന്ത്യൻ രാഷ്ട്രീയപ്പാർട്ടികൾക്ക് ജനാധിപത്യത്തെയും ഭരണഘടനയെയും പൌരസ്വാതന്ത്ര്യങ്ങളെയും അട്ടിമറിക്കാനുള്ള വഴികളുടെ ഒരു മാതൃകാ പാഠപ്പുസ്തകമായി മാറി എന്നതാണ് സത്യം. രണദിവേയുടെ കമ്യൂണിസ്റ്റ് പ്രസ്ഥാനമാവട്ടെ, മറ്റൊരു ബൂർഷ്വാ ഭരണവർഗ്ഗമായി മാറി, നോക്കുകൂലി പോലെയുള്ള അശ്ലീലങ്ങളുടെ പരിപാലകരായി അന്ത്യകാലത്തെ തുറിച്ചു നോക്കിക്കൊണ്ടിരിക്കുന്നു.

ഗാന്ധി എന്ന സത്യസന്ധനായ മനുഷ്യൻ സ്വാതന്ത്ര്യം എന്ന സുന്ദരസ്വപ്നത്തിന്റെ വില്പനക്കാരനായിരുന്നു. എന്തിനദ്ദേഹം അത് ചെയ്തു എന്നത് അത്ഭുതപ്പെടുത്തുന്ന സമസ്യയാണ്. കാരണം അതിനായി തന്നിലെ ഹിന്ദുവിന് കടിഞ്ഞാണിടാൻവേണ്ടി അദ്ദേഹത്തിനു ആന്തരികമായ ലോകയുദ്ധങ്ങൾ നടത്തേണ്ടിവന്നു. അദ്ദേഹത്തെ വിശ്വസിച്ച കോടാനുകോടി ഇന്ത്യാക്കാർ, ബ്രിട്ടീഷുകാരിൽ നിന്നുള്ള സ്വാതന്ത്ര്യം തങ്ങളെ സ്വതന്ത്രരാക്കുമെന്ന് വിശ്വസിച്ചു. പക്ഷേ, സ്വാതന്ത്ര്യപ്രഖ്യാപനത്തിനു ശേഷമുള്ള ദിനങ്ങളിൽ ഗാന്ധിക്ക് അപകടം മണത്തു. അതുകൊണ്ടാണ് ഒരു ഹിന്ദു തീവ്രവാദി ബ്രാഹ്മണന്റെ കൈകളാൽ വധിക്കപ്പെടുന്നതിന് മൂന്നു ദിവസം മുൻപ് അദ്ദേഹം കുറിച്ചത്: ‘കോൺഗ്രസ് പാർട്ടിയുടെ ഉപയോഗം കഴിഞ്ഞു. അത് സ്വയം പിരിച്ചു വിടണം.’ അതൊരു ‘ലോക് സേവക് സംഘ് ആയി പുഷ്പിക്കണം’ (സേവക് സംഘ് എന്ന പ്രയോഗം ഒരു Freudian slip ആയിരുന്നുവോ ആവോ) പക്ഷെ അപ്പോഴേക്കും താമസിച്ചു പോയിരുന്നു. ഒരു പക്ഷെ ഗാന്ധി മണത്ത അതേ ആപത്തും, അദ്ദേഹത്തിന്റെ വധം നൽകിയ ദുസ്സൂചനയും, ഗാന്ധിയുടെ അസാന്നിദ്ധ്യം നവജാത ഇന്ത്യയുടെ രാഷ്ട്രീയത്തിലുണ്ടാക്കിയ വഴിത്തിരിവും, ഗാന്ധിവധത്തിന് ഏതാണ്ടൊരു മാസത്തിനു ശേഷം കൽക്കട്ട തീസീസ് അവതരിപ്പിച്ച രണദിവേയുടെ മുമ്പിലുണ്ടായിരുന്നോ? ആർക്കറിയാം?

കമ്യൂണിസ്റ്റുകൾ അടക്കമുള്ള ഇന്ത്യൻ ബൂർഷ്വാസിയ്ക്ക് അവരുടെ സ്ഥാപിത താത്പര്യങ്ങൾ നടപ്പിലാക്കാനുള്ള സ്വാതന്ത്ര്യത്തിലൊഴികെ മറ്റൊരു സ്വാതന്ത്ര്യത്തിലും വിശ്വാസമില്ല എന്ന് ഗാന്ധിജിയ്ക്ക് മനസ്സിലായിരുന്നിരിക്കണം. വാസ്തവത്തിൽ കഴിഞ്ഞ ഏഴു ദശകങ്ങളിലെ രാഷ്ട്രീയ ചരിത്രം—അഖിലേന്ത്യാ രാഷ്ട്രീയത്തിന്റേത് മാത്രമല്ല സംസ്ഥാനങ്ങളുടെയും—പരിശോധിച്ചാൽ നരേന്ദ്രമോദിയുടെ ആഗമനം കമ്യൂണിസ്റ്റുകൾ അടക്കമുള്ള ഇന്ത്യൻ ഭരണവർഗ്ഗങ്ങളുടെ ജനാധിപത്യവിരുദ്ധവും അധികാര മോഹാധിഷ്ഠിതവുമായ കർമ്മ കാണ്ഡത്തിന്റെ സ്വാഭാവികമായ പൂർത്തീകരണം മാത്രമാണെന്ന് മനസ്സിലാകും. കാരണം, മോദി പ്രതിനിധാനം ചെയ്യുന്ന വർഗ്ഗീയതയും മുതലാളിത്തവും ജാതിഭ്രാന്തും സ്വേച്ഛാധിപത്യപ്രവണതയും ഒരു തോതിലല്ലെങ്കിൽ മറ്റൊന്നിൽ, ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ, അവരിലും കുടികൊള്ളുന്നുണ്ട്. മോദി അധികാരത്തിൽ വന്നതിന്, മോദിക്കെതിർ നില്ക്കുന്നു എന്നവകാശപ്പെടുന്ന രാഷ്ട്രീയപ്പാർട്ടികളല്ലാതെ മറ്റാരാണ് ഉത്തരവാദി? മോദി യഥാർത്ഥത്തിൽ അവരുടെ സൃഷ്ടിയാണ്. ബി. ജെ. പി. യും ആർ. എസ്. എസും നിമിത്തങ്ങൾ മാത്രമാണ്.

അത് ഭരണവർഗ്ഗങ്ങളുടെ കാര്യം. അവരുടെ ദുരാഗ്രഹങ്ങൾക്കും ആർത്തികൾക്കും പടയോട്ടം നടത്താൻ വഴിയൊരുക്കിക്കൊടുക്കുന്ന മറ്റൊരു ശക്തിയുണ്ട്. അവരെ വെള്ളപൂശാനും സ്വർണ്ണം തേക്കാനും മാന്യവത്കരിക്കാനും മഹത്വവത്കരിക്കാനും അവർ ഉച്ചരിക്കുന്ന കളവുകൾക്ക് ആയിരമായിരം മടങ്ങ് പ്രഹരശേഷി നൽകാനും സേവന നിരതമായി നില്ക്കുന്ന ആ ശക്തി ഇന്ത്യൻ മാധ്യമങ്ങളാണ്. മാധ്യമങ്ങളെ ചേർത്ത് വായിക്കാതെ ഇന്ത്യൻ ജനാധിപത്യത്തിന്റെ തകർച്ചയെയും വിവിധ ഫാസിസങ്ങളുടെ വളർച്ചയെയും ജനസാമാന്യങ്ങളുടെ രാഷ്ട്രീയമായ അന്ധതയേയും മനസിലാക്കാൻ ശ്രമിക്കുന്നത് ഇരുട്ടിനെ ചേർക്കാതെ രാത്രിയെ കണ്ടുപിടിക്കാൻ ശ്രമിക്കുന്നതുപോലെ ആയിരിക്കും. ഇന്ത്യൻ മുഖ്യധാരാ മാധ്യമങ്ങൾ ഇന്ത്യൻ ഭരണവർഗ്ഗ ഫാസിസങ്ങളുടെ, അവ കാലാകാലങ്ങളിൽ സൃഷ്ടിക്കുന്ന നുണകളുടെ പ്രപഞ്ചങ്ങളുടെ, അവിഭക്തഭാഗവും ഏറ്റവും വലിയ പ്രചാരകരുമാണ്. കുറച്ചുകാലം മുൻപുവരെ അങ്ങനെയല്ല എന്നവർ നടിക്കുകയെങ്കിലും ചെയ്തിരുന്നു. ഇന്ന് ആ നടനം പോലും നരേന്ദ്രമോദി അനുവദിക്കുന്നില്ല. കള്ളപ്പുഞ്ചിരി പൊഴിക്കുന്ന ആൾ ദൈവങ്ങളെയും വെള്ള തേച്ച വർഗ്ഗീയതകളെയും ഊതിവീർപ്പിച്ച രാഷ്ട്രീയ വിഗ്രഹങ്ങളെയും കൊണ്ട് അവർ നമ്മെ ഭൃതാവിഷ്ടരാക്കിയത് നമ്മൾ അറിഞ്ഞില്ല. ഇന്നും അറിയുന്നില്ല. പൌരന് അപ്രമാദിത്യമുള്ള ജനാധിപത്യത്തിൽ, ഭരണകൂടങ്ങളുടെ നിസ്സാര കാരുണ്യങ്ങളെ ഇരന്നു വാങ്ങുന്ന പിച്ചക്കാശു പോലെ സ്വീകരിക്കാൻ അവർ പൌരനെ പരിശീലിപ്പിച്ചു. നമ്മെ മുട്ടുകുത്തുന്നവരും വാലാട്ടുന്നവരും കണ്ണടഞ്ഞവരുമാക്കി.

വർഗ്ഗീയ ശക്തികൾക്ക് വയർ നിറയും വരെ മാത്രമല്ല ശ്വാസംമുട്ടും വരെ വാർത്തകൾ എഴുതി നിറച്ച മാധ്യമങ്ങളെ അവർ ഇടംകാൽകൊണ്ട് തൊഴിച്ചു വീഴിക്കുന്നതിൽ എന്തത്ഭുതം? ഇതാണ് ഫ്രാങ്കൻസ്റ്റൈൻസ് സത്വം എന്ന പ്രശസ്ത പ്രതിഭാസം: താൻ പാലൂട്ടി വളർത്തിയ ഭീകരസത്വം തന്റെ കാലനായിത്തീരുന്നു. രാഷ്ട്രീയപാർട്ടികൾക്ക് തടിതപ്പാൻ വഴികൾ ഏറെയുണ്ട്. അതാണ് അവരുടെ പണം മുടക്കില്ലാത്ത തൊഴിൽ. ഇന്ത്യൻ ജനാധിപത്യവും ഇന്നല്ലെങ്കിൽ നാളെ ഉയിർത്തെഴുന്നേൽക്കും. ഉത്തരേന്ത്യൻ ഗ്രാമങ്ങളിലെ ചാനൽ കാണാത്ത, പത്രം വായിക്കാത്ത ജനങ്ങൾ അതിനു വഴിയൊരുക്കും. മാധ്യമങ്ങളുടെ കാര്യമോ? ‘മീശ’യ്ക്ക് സംഭവിച്ചത് അവർ സ്വന്തം കുഴി തോണ്ടുന്നതിന്റെ ഏറ്റവും പുതിയ അടയാളമാണ്. നിർഭാഗ്യവശാൽ അതോടൊപ്പം മാധ്യമങ്ങൾ, ജനാധിപത്യത്തിന്റെയും മതേതരത്വത്തിന്റെയും സ്വാതന്ത്ര്യത്തിന്റെയും കൂടി കുഴിതോണ്ടുകയാണ്. കാരണം ഇവ മൂന്നിന്റെയും യഥാർത്ഥ പരിപാലകർ അവരാണ്. കൊടിയ ആപത്തിന്റെ ചുവരെഴുത്ത് വായിക്കുവാനുള്ള സദ്ബുദ്ധി അവർക്കുണ്ടാവട്ടെ എന്ന് ആശിക്കുക മാത്രമേ വഴിയുള്ളൂ.

## ഇ. പി. ഉണ്ണി


ഹിറ്റ്ലർ, സ്റ്റാലിൻ — മീശ മാറ്റി
പ്രസിദ്ധീകരണ യോഗ്യരാക്കിയ
രണ്ടു യോഗ്യന്മാർ
അവലംബം: ഡേവിഡ് ലോയുടെ ഒരു യുദ്ധകാലകാർട്ടൂൺ
-ഉണ്ണി

# മൂന്നാം നിയമം ലംഘിക്കൽ

—മേതിൽ

> For whoever keeps the whole law but fails in one point has become accountable for all of it.
>
> (James 2:1–13)

വിമോചനം: മരിക്കുമ്പോൾ ഞാൻ എന്റെ മൂലകങ്ങളിലേക്ക് തിരിച്ചു പോകയാണോ, അതോ മൂലകങ്ങൾ എന്റെ ശരീരത്തിലെ ബന്ധനത്തിൽ നിന്ന് വിമുക്തി നേടുകയാണോ? ഏതായാലും എന്റെ മരണം മനുഷ്യവംശത്തിന്റെ മരണമാകില്ല. എങ്കിലും, മനുഷ്യ പരിണാമത്തിനു വേണ്ടിവന്ന അപാരമായ കാലയളവ് പരിഗണിച്ചാൽ, അതിൽ ആയിരത്താണ്ടുകൾ വെറും നൊടിയിടകൾ മാത്രമാണെന്ന് മനസ്സിലാക്കിയാൽ, എന്റെയും നിങ്ങളുടെയും മരണവും നരവംശ തിരോധാനവും ഒരു മിലനിയത്തിനകത്ത് അടുത്തടുത്ത് വെച്ച് പരിശോധിക്കാവുന്ന സമകാലിക ഇതിവൃത്തങ്ങളാകാം. തുരങ്കത്തിന്റെ അറ്റത്തെ ഇരുട്ട് എനിക്ക് കാണാം. അതിനിടയിലെന്തിന് ചില വിമോചന ചിന്തകൾ? ഒരുപക്ഷേ, ഇടയിൽ എന്തെങ്കിലും ചെയ്യലും പറയലുമൊക്കെ പ്രതിബദ്ധമായൊരു ആവശ്യമായേക്കാമെന്ന് ഒരു ഹ്രസ്വവർത്തമാനം നമ്മോട് പറയുന്നു.

(ഹ്രസ്വ വർത്തമാനം. നവംബർ 2016. മേതിൽ രാധാകൃഷ്ണൻ ടൈംസ് ഓഫ് ഇന്ത്യയോട് പറയുന്നു: അഞ്ഞൂറ് വർഷങ്ങൾക്കകം മനുഷ്യവംശം നശിച്ചു പോകും. നവംബർ 2017. സ്റ്റീവൻ ഹോക്കിങ് താക്കീത് നൽകുന്നു: അറുനൂറിൽ ചുരുക്കം വർഷങ്ങൾക്കകം മനുഷ്യവംശം നശിച്ചു പോകും—നാം അതിനകം താമസയോഗ്യമായ മറ്റൊരു ഗ്രഹം കണ്ടെത്തുകയും അങ്ങോട്ട് കുടിയേറുകയും ചെയ്തില്ലെങ്കിൽ. സമത്വം ഇവിടെ അവസാനിക്കുന്നു.)

പ്രതിബദ്ധത. നക്സലിസവുമായി കബഡി കളിച്ച് വിരാഷ്ടീയത്തിലേക്ക് പിൻവാങ്ങൽ എന്റെ പുരാവൃത്തത്തിലുണ്ട്. ആ ഭൂതത്തിനു ശേഷം ഒരു പ്രസ്താവന ഉണ്ടായിരുന്നു: “ജന്തുവിമോചനത്തെപ്പറ്റി ഞാൻ ധാരാളം എഴുതിക്കഴിഞ്ഞു. ഇനിയെന്റെ ശ്രദ്ധ യന്ത്രവിമോചനത്തിലേക്ക് തിരിയേണ്ടിയിരിക്കുന്നു”. ഇപ്പോൾ ഞാൻ ആഗോള ഗവേഷകർക്കായുള്ള ‘റിസേർച് ഗേറ്റ്’ എന്ന വെബ്സൈറ്റിൽ, റോബോട്ടുകളുടെ അവകാശങ്ങൾക്കു വേണ്ടി വാദിക്കുന്നു—പ്രത്യേകിച്ചും വെസ്റ്റേൺമിഷിഗൻ സർവകലാശാലയിലെ ഓറ്റം എഡ്വേഡ് എന്ന ഗവേഷകയോട്. സാമൂഹിക റോബോട്ടുകളുടെ അവകാശങ്ങൾ പരിഗണിക്കൽ എന്ന ആശയം തന്നെ ഞെട്ടിക്കുന്നുവെന്നാണ് ശ്രീമതി എഡ്വേഡ് എന്നോട് പറഞ്ഞത്!

## ഐസിക് ആസിമോഫിന്റെ മൂന്ന് നിയമങ്ങൾ

(പേര് തെറ്റായി ഉച്ചരിക്കപ്പെടൽ എന്ന ഭർത്സനത്തിന് ഇരയാക്കപ്പെട്ടവരിൽ രണ്ട് പേരാണ് ഐസിക് ആസിമോഫും ഞാനും. രണ്ടു പേരെയും ഇത് കുപിതരാക്കിയിട്ടുണ്ട്. സമത്വം ഇവിടെ അവസാനിക്കുന്നു.)

ആസിമോഫിന്റെ മൂന്ന് നിയമങ്ങൾ, ഓർമ്മയിൽ നിന്ന് ഏതാണ്ടുള്ള വിവർത്തനത്തിൽ, ഞാൻ ഇവിടെ കുറിക്കുന്നു.

**ഒന്ന്:** ഒരു റോബോട്ട് ഏതെങ്കിലും മനുഷ്യജീവിയെ മുറിപ്പെടുത്തുകയോ, നിഷ്ക്രിയത്വത്തിലൂടെ ഹാനിയിൽ എത്തിക്കയോ ചെയ്യരുത്.

**രണ്ട്:** മനുഷ്യജീവികൾ നൽകുന്ന ആജ്ഞകൾ ഒരു റോബോട്ട് പാലിക്കണം—ഈ ആജ്ഞകൾ ഒന്നാം നിയമത്തോട് ഇടയുന്നേടത്തൊഴികെ.

**മൂന്ന്:** ഒരു റോബോട്ട് സ്വന്തം അസ്തിത്വം സംരക്ഷിക്കണം—ഈ സംരക്ഷണം ഒന്നും രണ്ടും നിയമങ്ങളോട് ഇടയാത്തേടത്തോളം കാലം.

ആസിമോഫിന്റെ നിയമങ്ങൾ പൊതുവേ യന്ത്രഭീഷണി പ്രവചിക്കുന്നു. മേരിഷെല്ലി 1818-ൽ ‘ഫ്രാങ്കൻസ്റ്റീൻ’ പ്രസിദ്ധീകരിച്ചതിനുശേഷം ഏറെ പ്രചരിതമാണ് യന്ത്രങ്ങൾ മനുഷ്യരെ ആക്രമിച്ചേക്കാമെന്ന ഭീതി. പക്ഷെ, ഇന്ന്, യന്ത്ര നിർമ്മാണം തൊട്ട് ശസ്ത്രക്രിയ വരെ പല കർമ്മങ്ങളിലും റോബോട്ടുകൾ മനുഷ്യരോടൊപ്പം സഹകരിച്ച് പ്രവർത്തിക്കുന്നു. ജീവികളിൽ ആക്രമണവാസന പ്രവർത്തിക്കുന്നത് ‘ഫൈറ്റ്–ഓർ–ഫ്ലൈറ്റ്’ എന്ന പ്രതിസന്ധിയിലെ ഒരു തരം ടോസിങ്ങിനുള്ള (തലയോ, വാലോ?) ഉത്തരമായാണ്. റോബോട്ടുകളിൽ സ്വതേ ആക്രമണവാസനയില്ല—മനുഷ്യരിൽ നിന്ന് സാങ്കേതികമായോ, സാമൂഹികമായോ അവയ്ക്കത് സ്വാംശീകരിക്കാൻ കഴിയാത്തേടത്തോളം കാലം.

ആധുനിക റോബോട്ടിക്സിലെ ചില വിദഗ്ദ്ധന്മാർ ആസിമോഫിന്റെ നിയമങ്ങളെ സമതുലിതത്വത്തിൽ എത്തിക്കാനുള്ള മറുനിയമങ്ങളിലേക്കു കടന്നിരിക്കുന്നു. റോബോട്ടുകളുടെ അവകാശങ്ങളെക്കുറിച്ചും അവയ്ക്ക് മനുഷ്യരിൽ നിന്നുള്ള സുരക്ഷിതത്വത്തെക്കുറിച്ചും അവർ ചിന്തിക്കുന്നു.

## ഓർവെലിന്റെ ആറു ആംഗലഭാഷാ നിയമങ്ങൾ

പെട്ടെന്ന് മുന്നിലെത്തുന്നൊരു സമാന്തരത്വത്തിൽ (എങ്കിലും വിപരീതത്വത്തിൽ) ഞാൻ ജോർജ് ഓർവെലിന്റെ ആറു ആംഗല ഭാഷാ നിയമങ്ങൾ പരിഗണിക്കുന്നു. ഓരോ നിയമവും എടുത്തു പറയുന്നില്ല. പഴയ തലമുറകളിൽ ഭാഷാശുദ്ധിയിൽ നിഷ്കർഷയുള്ള അദ്ധ്യാപകരിൽ നിന്ന് വിദ്യാർത്ഥികൾ കേട്ടിരിക്കാവുന്ന ഉപദേശങ്ങളാണ് ഓർവെലിന്റെ ആദ്യത്തെ അഞ്ചു നിയമങ്ങൾ. ആറാം നിയമം കൃത്യമായി മനസ്സിലാക്കാൻ പ്രയാസമുണ്ട്. പക്ഷേ, അതിന്റെ ധ്വനി വ്യക്തമാണ്; മ്ലേച്ഛം / അപരിഷ്കൃതം ആവാത്തേടത്തോളം, ആദ്യത്തെ അഞ്ചു നിയമങ്ങളിൽ ഏതിനെയും നിങ്ങൾക്ക് ലംഘിക്കാം! സത്യത്തിൽ, ഈ നിയമങ്ങൾ പ്രാഥമിക വിനിമയത്തെ ഉദ്ദേശിച്ചുള്ളതാണെന്നും, സർഗാത്മകമായ എഴുത്തിന് ആറാം നിയമം സൂചിപ്പിക്കുന്ന നൈതിക പരിമിതിയൊഴികെ മറ്റെന്തുമാകാമെന്നും ഓർവെൽ വ്യക്തമാക്കി (അതുകൊണ്ടാണ് സദാചാര കാര്യങ്ങളിൽ ‘പരിധിക്കു പുറത്തായ’ ഹെൻറി മില്ലറെ മറ്റാരേക്കാളും മനസ്സിലാക്കാൻ ഓർവെലിന് കഴിഞ്ഞത്).

താരതമ്യത്തിൽ, ആസിമോഫിന്റെ മൂന്നാം നിയമത്തിന്റെ ഉള്ളടക്കം സ്വയം റദ്ദുചെയ്യുന്നു. സ്വതഃവിരുദ്ധത, അസ്വീകാര്യമായൊരു ബാദ്ധ്യതാ നിരാകരണം. റോബോട്ടുകളുടെ സ്വരക്ഷ! ആരിൽനിന്ന്? നിങ്ങളൊരു വ്യക്തിയെ വേദനിപ്പിച്ചാൽ, ആ വ്യക്തി ആദ്യം വേദനയറിയുന്നു, പിന്നെ വേദനിപ്പിക്കാൻ പഠിക്കുന്നു. അടിമകളായതിനു ശേഷമാണ് അടിമത്തമെന്തെന്ന് പല സ്വതന്ത്ര സമൂഹങ്ങളും അറിഞ്ഞത്. അതേവരെ അടിമത്തം എന്ന സങ്കല്പം പോലും ഈ സമൂഹങ്ങൾക്ക് അജ്ഞാതമായിരുന്നു. ഇന്ന് ഇതരജീവികളെന്നത് പോലെ, നാളെ സപ്രജ്ഞമായ യന്ത്രങ്ങളും മനുഷ്യരുടെ അടിമകളാവാം; റോബോട്ടുകളുടെ വിമോചനപ്പോരുകളുണ്ടാവാം. പക്ഷേ, മനുഷ്യർ ബോധപൂർവ്വം പഠിപ്പിച്ചതോ, മനുഷ്യരിൽ നിന്ന് സാമൂഹികമായി പഠിച്ചതോ അല്ലാത്ത ഒരൊറ്റ തിന്മയോ കുടിലതന്ത്രമോ അവയിൽനിന്ന് പ്രതീക്ഷിക്കാനാവില്ല. മനുഷ്യർ യന്ത്രങ്ങളിൽ നിക്ഷേപിക്കുന്ന തിന്മ ഒരു ബൂമറാങ് പോലെ തിരിച്ചു വന്നേ തീരൂ.

ആകയാൽ ആസിമോഫിന്റെ മൂന്നാം നിയമം ഇങ്ങനെ തിരുത്തപ്പെടണം. ഒരു റോബോട്ട് സ്വന്തം അസ്തിത്വം സംരക്ഷിക്കണം—ഈ സംരക്ഷണം ഒന്നും രണ്ടും നിയമങ്ങളെ ലംഘിക്കുമെങ്കിൽപ്പോലും!

## ഒരു ഉല്പത്തിപ്പുസ്തകം: ദൈവം, മനുഷ്യൻ, യന്ത്രം

വർഷങ്ങൾക്കു മുൻപ് (കൃത്യം 1999-ൽ) ഒരു ഹൃദായാഘാതത്തിനു ശേഷം വീട്ടിൽ മരുന്നും വിശ്രമവും ഡിസ്കവറി ചാനലുമായി കഴിച്ചു കൂട്ടുന്ന കാലത്താണ് ഞാൻ ‘ദൈവം, മനുഷ്യൻ, യന്ത്രം’ എന്ന പുസ്തകമെഴുതിയത്. അതിനും മുൻപേ, 1980-കളുടെ തുടക്കത്തിൽ ഞാൻ കംപ്യൂട്ടർ പ്രോഗ്രാമുകൾ എഴുതാൻ തുടങ്ങിയിരുന്നു. ജിജ്ഞാസയും അഭിനിവേശവുമുണ്ടെങ്കിൽ ആ തുടക്കത്തിൽ നിന്ന് റോബോട്ടുകൾ, സൈബോർഗുകൾ, കൃത്രിമ പ്രജ്ഞ എന്നിവയിലേക്ക് (എന്റെ പുസ്തകത്തിലെ പ്രധാന വിഷയങ്ങളിലേക്ക്) ഏറെ ദൂരമില്ല. ഈ ഉന്മുഖത, ഹോസ്പിറ്റലിൽ കിടക്കുമ്പോൾ പ്രത്യേകിച്ചും മുഖരമായിത്തീർന്ന ശാരീരികാവബോധം, തികച്ചും യാന്ത്രികമെന്ന് വിശേഷിപ്പിക്കാനാവുന്ന ചില അവസ്ഥകളും പ്രവർത്തനങ്ങളും മുൻകൂട്ടിതന്നെ മനുഷ്യരിൽ ഇല്ലായിരുന്നെങ്കിൽ തീർച്ചയായും ഈ ലോകത്തിൽ ഒരു യന്ത്രവും ഉണ്ടാകുമായിരുന്നില്ല എന്ന കണ്ടെത്തൽ... ഇവയെല്ലാം ചേർന്നാണ് ആ പുസ്തകമുണ്ടായത്. അതിന്റെ ഇതിവൃത്തം പോലും എന്റെ മനസ്സിൽ തെളിഞ്ഞത് ഒരു കംപ്യൂട്ടർ പ്രോഗ്രാമിന്റെ ആദ്യ രൂപരേഖയായ ഫ്ലോ-ചാർട്ട് പോലെയായിരുന്നു. അതിലെ വചനങ്ങൾ മാത്രം ചുവടെ ചേർക്കുന്നു.

**ഘട്ടം ഒന്ന്:** ദൈവം സ്വന്തം രൂപത്തിൽ മനുഷ്യനെ സൃഷ്ടിക്കുന്നു (ഇതെന്റെ വിശ്വാസമല്ല, ഒരു ആഖ്യാന സൗകര്യം മാത്രം).

**ഘട്ടം രണ്ട്:** മനുഷ്യൻ സ്വന്തം രൂപത്തിൽ ദൈവത്തെ പുനഃസൃഷ്ടിക്കുന്നു.

**ഘട്ടം മൂന്ന്:** മനുഷ്യൻ സ്വന്തം രൂപത്തിൽ യന്ത്രത്തെ സൃഷ്ടിക്കുന്നു.

**ഘട്ടം നാല്:** യന്ത്രം സ്വന്തം രൂപത്തിൽ മനുഷ്യനെ പുനഃസൃഷ്ടിക്കുന്നു.

നാലാം ഘട്ടം എന്നോ തുടങ്ങിക്കഴിഞ്ഞിരിക്കുന്നു. അതിലെ എല്ലാ നിർണായകമായ ഉണ്ടാവലുകളുടെയും ഇല്ലാതാവലുകളുടെയും ഉത്തരവാദിത്വം മൂന്നാം ഘട്ടത്തിന്റേതു്.

## ഉപസംഹാരം

റോബോട്ടിക്സിൽ എവിടെയും ശരിക്കും ഞാൻ സൂചിപ്പിച്ച നിർണായകങ്ങളിൽ എത്തിയിട്ടില്ലാത്തൊരു രാജ്യത്തിലിരുന്ന് ഞാനെന്തിന് ഈ കുറിപ്പെഴുതുന്നു? നിങ്ങൾക്ക് ഇങ്ങനെയൊരു ചോദ്യമുണ്ടെങ്കിൽ, ഏതോ സാങ്കേതിക സന്ദർഭത്തിൽ നിന്നാണ് ഞാൻ സംസാരിക്കുന്നതെന്ന് നിങ്ങൾ തെറ്റായി ധരിച്ചിരിക്കണം. സത്യത്തിൽ ജന്തു വിമോചനത്തെക്കുറിച്ചു സംസാരിക്കുമ്പോൾ ഏതു ജൈവിക വിതാനത്തിലായിരുന്നുവോ, അതേ വിതാനത്തിൽ നിന്നാണ് ഞാൻ ഈ കുറിപ്പെഴുതിയത്. ജൈവികതയെ സംബന്ധിച്ച് വളരെ നിർണ്ണായകമായൊരു സന്ദർഭത്തിന്റെ പ്രതിനിധാനമാണിത്.

സ്വാതന്ത്ര്യം നേടാൻ മാത്രമുള്ളതല്ല, കൊടുക്കാനുള്ളത് കൂടിയാണ്. ആരിൽ നിന്നാണ്, അല്ലെങ്കിൽ എന്തിൽ നിന്നാണ് സ്വാതന്ത്ര്യം ആഗ്രഹിക്കുന്നതെന്നും, അതെന്തുകൊണ്ടെന്നും ഗീർവാണിക്കുമ്പോൾ, നാം സ്വയം ചോദിക്കേണ്ട ഒരു ചോദ്യമുണ്ട്, ആരെല്ലാമാണ് എന്തെല്ലാമാണ് നമ്മിൽ നിന്ന് സ്വാതന്ത്ര്യം (അറിഞ്ഞും അറിയാതെയും) ആഗ്രഹിക്കുന്നത്? ജന്തുവാസനയിലെ ആത്മരക്ഷാമുറകളെ അധിനിവേശത്തിന്റെ മുറകളായി സംസ്കാരത്തിലേക്ക് വിവർത്തനം ചെയ്ത നമ്മിൽ നിന്ന് പലരും പലതും സ്വാതന്ത്ര്യം അർഹിക്കുന്നുവെന്ന ഉണർവ്വ് നമ്മിൽ ഉണ്ടായിരിക്കണം. വിമോചന ചിന്തയുടെ എല്ലാ സ്പർശരേഖകളും (tangents) മാനുഷികതയുടെ ഒരേ ബിന്ദുവിൽ സംവദിക്കേണ്ടിയിരിക്കുന്നു. സ്വാതന്ത്ര്യത്തിന്റെ എല്ലാനിയമങ്ങളും സൂക്ഷിക്കുന്നവർ ഒരു ബിന്ദുവിൽ പിഴവ് വരുത്തുകയാണെങ്കിൽ അവർ എല്ലാ നിയമങ്ങളിലും പിഴവ് വരുത്തും.

ആമേൻ!

(തുടരും...)

## ഉണ്ണി ആർ



1971-ൽ കോട്ടയം ജില്ലയിലെ കുടമാളൂരിൽ ജനിച്ചു. അച്ഛൻ എൻ. പരമേശ്വരൻ നായരും, അമ്മ കെ. എ. രാധമ്മയുമാണ്. കുടമാളൂർ എൽ. പി. സ്കൂൾ, സി. എം. എസ്. ഹൈസ്കൂൾ, സി. എം. എസ്. കോളേജ്, ബസേലിയസ് കോളേജ് എന്നിവിടങ്ങളിൽ നിന്ന് വിദ്യാഭ്യാസം നേടി. തിരുവനന്തപുരത്ത് പത്തൊൻപത് വർഷം ഏഷ്യാനെറ്റ് ന്യൂസിൽ ജോലി ചെയ്തിരുന്നു. ഇപ്പോൾ പൂർണ്ണമായും സാഹിത്യത്തിലും സിനിമ തിരക്കഥാ രചനയിലും സജീവം.

ഉത്തരാധുനിക മലയാള ചെറുകഥാകൃത്തും, തിരക്കഥാകൃത്തുമാണ് ഉണ്ണി ആർ. കാളിനാടകം, ബഹുജീവിതം, പത്തുകല്പനകൾക്കിടയിൽ രണ്ടു പേർ, ആലീസിന്റെ അത്ഭുതലോകം, മുദ്രാരാക്ഷസം, ലീല എന്നിവ ഉണ്ണിയുടെ ശ്രദ്ധിക്കപ്പെട്ട കഥകളാണ്.

ഭാര്യ: അനു ചന്ദ്രൻ
മകൾ: സരസ്വതി.

## ബെന്യാമിൻ



പുതിയ തലമുറയിലെ മലയാളി ചെറുകഥാകൃത്തും നോവലിസ്റ്റുമാണ് ബെന്യാമിൻ. പ്രവാസിയായ ഇദ്ദേഹം ബഹ്റൈനിലാണ് താമസിക്കുന്നത്. സ്വദേശം പത്തനംതിട്ട ജില്ലയിലെ പന്തളത്തിനടുത്ത് കുളനട. ആനുകാലികങ്ങളിൽ കഥകളും നോവലുകളും എഴുതുന്നു. യഥാർത്ഥ നാമം ബെന്നി ഡാനിയേൽ. “ആടു ജീവിതം” എന്ന നോവലിന് 2009-ലെ മികച്ച നോവലിനുള്ള കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയിട്ടുണ്ട്. നിരവധി പുരസ്കാരങ്ങൾ. അനേകം നോവലുകളും കഥാസമാഹാരങ്ങളും.

(വിവരങ്ങൾക്കും ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.